**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 553** **30-01-2024 - ൽ മറുപടിയ്ക്ക്**

**പെട്രോൾ ഡീസൽ എന്നിവയ്ക്ക് ഏർപ്പെടുത്തിയ സാമൂഹ്യ സുരക്ഷ സെസ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പെട്രോൾ ഡീസൽ എന്നിവയ്ക്ക് സാമൂഹ്യ സുരക്ഷ സെസ്സ് ഏർപ്പെടുത്തിയതിലൂടെ എത്ര തുക സാമൂഹ്യ സുരക്ഷാ സീഡ് ഫണ്ടിലേക്ക് സമാഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിച്ചത്; നാളിതുവരെ എത്ര തുക ഈ ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | 2023-ലെ കേരള ധനകാര്യ നിയമപ്രകാരം 2023 ഏപ്രിൽ 1 മുതലാണ് സംസ്ഥാനത്ത് ഇന്ധന വിലയിൽ സാമൂഹ്യ സുരക്ഷാ സെസ് ഈടാക്കാൻ തുടങ്ങിയത്. ഇന്ധന വിലയോടൊപ്പം ഈടാക്കുന്ന സാമൂഹ്യ സുരക്ഷാ സെസ്സ് ഇനത്തിൽ സർക്കാർ 750 കോടി രൂപ പ്രതിവർഷം പ്രതീക്ഷിക്കുന്നു എന്നാണ് 2023-24-ലെ ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 563-ൽ പ്രഖ്യാപിച്ചിരുന്നത്. നടപ്പ് സാമ്പത്തിക വർഷം 2023 ഡിസംബർ 31 വരെ ലഭ്യമായ കണക്കുകൾ പ്രകാരം ഈ ഇനത്തിൽ പെട്രോളിയം ഉല്പന്നങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടിയ തുക 685.79 കോടി രൂപയാണ് (provisional). |
| (ബി) | പ്രസ്തുത തുക സാമൂഹ്യ സുരക്ഷാ സീഡ് ഫണ്ടിലേക്ക് കൈമാറി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക കൈമാറിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | സെസ്സ് ഉൾപ്പെടെ വരവ് ഇനത്തിൽ ലഭിക്കുന്ന തുകകൾ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വരവ് വയ്ക്കുകയും, ക്ഷേമപെൻഷനുകൾക്കുള്ള ചെലവുകൾ ഉൾപ്പെട്ട ബഡ്ജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയ തുകയിൽ നിന്നും അപ്രോപ്രിയേഷൻ നിയന്ത്രണത്തിന് വിധേയമായി ചെലവഴിക്കുകയുമാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ